

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 12 Issue 5 July - Aug 2026

# ഉള്ളടക്കം

CONTENT


നവീകരിച്ച അത്യാധുനിക ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം 08

Welcome TO JUBILEE FAMILY 34

ഹൃദയപൂർവ്വം... 35

ഓണം : ഐക്യത്തിന്റേയും സേവനത്തിന്റേയും ഉത്സവം ........ 01

കാന്റർബറി യൂണിവേഴ്സിറ്റിയും ജൂബിലി മിഷനും ധാരണാപത്രം ഒപ്പുവെച്ചു........ 04

ലഹരി കോശങ്ങളെ രോഗാവസ്ഥയിലാക്കും: ഡോ. ഗംഗാധരൻ ........ 05

സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും........ 07

ജൂബിലി നേഴ്സിംഗ് കോളേജിന് എ പ്ലസ് അംഗീകാരം........ 10

'ഫ്രം സ്കിൻ ടു സ്ലൈഡ്' ശില്പശാല ജൂബിലിയിൽ........ 12

തീപൊള്ളലേറ്റ ചർമങ്ങൾക്കും ഉണങ്ങാത്ത മുറിവുകൾക്കും ആശ്വാസമായി ഓക്സിജൻ തെറാപ്പി........ 13

എംപവറിങ്ങ് എക്സലൻസ് : നേഴ്സിങ്ങ് ശില്പശാല........ 15

ലോക പരിസ്ഥിതി ദിനം: ജൂബിലി മിഷൻ നഴ്സിംഗ് കോളേജിൽ വൃക്ഷത്തൈ നട്ടു........ 16

'Examthalon X - A Decade of Excellence' ........ 17

പനി വ്യാപനത്തിന് ജൂബിലിയിൽ ചെക്ക്........ 18

ഫോക്കസ് – 2026 ന് പ്രൗഢതുടക്കം........ 19

ജൂബിലി മിഷൻ : കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജ് ........ 21

ജൂബിലി മിഷൻ ജീവൻരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം ........ 22

കർക്കിടക കഞ്ഞിക്കിറ്റിന്റെ വിതരണോത്ഘാടനം ........ 24

ജൂബിലിയിൽ നാഷണൽ റിസേർച്ച് സിംപോസിയം ........ 25

ജൂബിലിയിൽ 'ഓപ്പൺ ജിം'........ 27

തൃശൂർ പൂരം പ്രദർശനത്തിൽ ജൂബിലി മിഷൻ പവിലിയന് ഒന്നാം സ്ഥാനം........ 29

ജൂബിലി മിഷനിൽ 'ഇൻക്വയറി ടു ഇൻസൈറ്റ്' സംഘടിപ്പിച്ചു ........ 31

'ടോക്സികോൺ 2026' ജൂബിലി മിഷനിലെ ഡോക്ടർക്ക് ഒന്നാം സ്ഥാനം........ 32

ലോക രക്തദാനദിനാചരണം........ 33

മുഖം : ആരോഗ്യത്തിന്റെ കണ്ണാടി........ 41

RESEARCH WINGS JOURNAL CLUB 36

DOCTOR'S CORNER — EXCLUSIVE BREASTFEEDING: A CLINICAL BLUEPRINT FOR NEURO-METABOLIC PRIMING 37






# ഓണം

# ഐക്യത്തിന്റേയും സേവനത്തിന്റേയും ഉത്സവം

ഓണം ഒരു ആഘോഷം മാത്രമല്ല; അത് മലയാളിയുടെ മനസ്സിൽ ഐക്യത്തിന്റേയും സമത്വത്തിന്റേയും പങ്കുവെയ്ക്കലിന്റേയും മൂല്യങ്ങൾ ഉണർത്തുന്ന ജീവിതദർശനമാണ്. മഹാബലിയുടെ സ്മരണകളിലൂടെ നമ്മെ തേടിയെത്തുന്ന ഈ ആഘോഷം, സ്നേഹവും കരുണയും പരസ്പര ബഹുമാനവും ജീവിതത്തിന്റെ യഥാർത്ഥ സമ്പത്താണെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. ഒരു ആശുപത്രിയുട ശക്തി അതിന്റെ കെട്ടിടങ്ങളിലോ ആധു



നിക ഉപകരണങ്ങളിലോ മാത്രമല്ല; അവിടെ സേവനം ചെയ്യുന്ന ഓരോ വ്യക്തിയുടേയും ആത്മാർത്ഥതയിലും അർപ്പണബോധത്തിലുമാണ്. രോഗിയുടെ പുഞ്ചിരിക്കു പിന്നിൽ ഒരു ഡോക്ടറുടെ വൈദഗ്ദ്ധ്യം മാത്രമല്ല, ഒരു നഴ്സിന്റെ കരുതലും, ഒരു ടെക്നീഷ്യന്റെ കൃത്യതയും, ഒരു ഫാർമസിസ്റ്റിന്റെ ഉത്തരവാദിത്തവും, ഹൗസ് കീപ്പിംഗ് ജീവനക്കാരുടെ അശ്രാന്ത പരിശ്രമവും, സുരക്ഷാ ജീവനക്കാരുടെ ജാഗ്രതയും, അഡ്മിനിസ്ട്രേറ്റീവ് ടീമിന്റെ ഏകോപനവും ഒരുപോലെ പങ്കുചേരുന്നുണ്ട്. ഓരോരുത്തരുടെയും സേവനമാണ് ആശുപത്രിയെ പ്രത്യാശയുടെ ഇടമാക്കി മാറ്റുന്നത്.

ഓണത്തിന്റെ സന്ദേശം നമ്മെ ഒരുമയിലേക്ക് ക്ഷണിക്കുന്നു. വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നവരാണെങ്കിലും നമ്മുടെ ലക്ഷ്യം ഒന്നാണ് - രോഗിക്ക് മികച്ച പരിചരണവും മനുഷ്യസ്നേഹവും നൽകുക. പരസ്പര ബഹുമാനവും സഹ

കരണവും വിശ്വാസവും നിലനിൽക്കുമ്പോഴാണ് ഒരു സ്ഥാപന ത്തിന് യഥാർത്ഥ വളർച്ച കൈവരിക്കാൻ കഴിയുന്നത്.

ഇന്നത്തെ അതിവേഗ ജീവിതത്തിലും തിരക്കേറിയ ജോലി സാഹചര്യങ്ങളിലും, ഒരു നല്ല വാക്കും ഒരു പുഞ്ചിരിയും ഒരു സഹായഹസ്തവും പലപ്പോഴും വലിയ സമ്മാനങ്ങളാകുന്നു. ഓണത്തിന്റെ മനോഹരമായ അവസരം നമ്മുടെ സഹപ്രവർത്ത കരുമായുള്ള ബന്ധങ്ങൾ കൂടുതൽ ഊട്ടിയുറപ്പിക്കാനും സന്തോഷം പങ്കുവെയക്കാനും പുതിയ പ്രത്യാശകളോടെ മുന്നോട്ടുപോകാ നുമുള്ള അവസരമാകട്ടെ.

ഈ ഓണക്കാലം നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും ജോലിസ്ഥലത്തും സമാധാനവും ആരോഗ്യവും സന്തോഷവും സമൃദ്ധിയും നിറയ്ക്കട്ടെ. സേവനത്തിന്റെ മഹത്വം എന്നും ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട്, കൂടുതൽ കരുതലോടെയും കരു ണയോടെയും പ്രതിബദ്ധതയോടെയും മുന്നേറാൻ നമുക്കെല്ലാ വർക്കും കഴിയട്ടെ.

**ഏവർക്കും ഹൃദയം നിറഞ്ഞ**

**ഓണാശംസകൾ!!!**

**അൻവിനച്ചൻ**





# കാന്റർബറി യൂണിവേഴ്സിറ്റിയും ജൂബിലി മിഷനും ധാരണാപത്രം ഒപ്പുവെച്ചു

നേഴ്സിങ്ങ് വിദ്യാഭ്യാസം, ഗവേഷണം, അധ്യാപക-വിദ്യാർത്ഥി കൈമാറ്റം, ആരോഗ്യരംഗത്തെ മികച്ച പ്രവർത്തനങ്ങളുടെ പങ്കുവെയ്ക്കൽ എന്നിവ ലക്ഷ്യമാക്കി ജൂബിലി മിഷൻ ഗ്രൂപ്പും യു.കെ.യിലെ കെന്റിലുള്ള കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്))സിറ്റിയും ധാരണാപത്രം ഒപ്പുവെച്ചു.

യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് സ്കൂൾ ഓഫ് നേഴ്സിങ്ങ്, മിഡ്വൈഫറി, ആലൈഡ് ആൻഡ് പബ്ലിക്ക് ഹെൽത്തിലെ സ്കൂൾ ഡയറക്ടർ ഓഫ് റിസേർച്ച് ആന്റ് സ്കോളർഷിപ്പും, റിസേർച്ച് സൂപ്പർവൈസറുമായ ഡോ. ലൂക്ക് ഇവാർട്ടും ഡെപ്യൂട്ടി ഡീനായ റെബേക്ക സാൻഡിസും ജൂബിലി മിഷൻ സന്ദർശിക്കുകയും വിവിധ അക്കാദമിക് ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

ജൂബിലി മിഷൻ ഗ്രൂപ്പിന്റെ ചെയർമാനും തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിന്റെ പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി., പ്രോജക്റ്റ് മാനേജർ ഫ്രാങ്കോ പി. ജോസഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഈ ധാരണാപത്രത്തിലൂടെ നേഴ്സിങ്ങ് വിദ്യഭ്യാസ നിലവാരം ഉയർത്തുന്നതിനും സംയുക്ത ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിനും വഴിയൊരുങ്ങും. ആരോഗ്യ വിദ്യഭ്യാസത്തിലും രോഗീപരിചരണത്തിലും ആഗോള നിലവാരത്തിലുള്ള മികച്ച മാതൃകകൾ പങ്കുവെച്ച് ഇരുസ്ഥാപനങ്ങളും ഭാവിയിൽ കൂടുതൽ സഹകരണ പദ്ധതികൾ നടപ്പാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.



## ജൂബിലിയിലെ ഗവേഷണ വിസ്മയങ്ങൾ കണ്ടറിഞ്ഞ് വിദ്യാർത്ഥികൾ

# ലഹരി കോശങ്ങളെ രോഗാവസ്ഥയിലാക്കും: –ഡോ. ഗംഗാധരൻ

കാൻസർ അടക്കമുള്ള അനേകം രോഗങ്ങൾ കണ്ടെത്താനും ചികിൽസിച്ചു രോഗശാന്തിയേകാനും ജൂബിലി മിഷൻ മെഡിക്കൽ കോളജ് അടക്കമുള്ള ഗവേഷണകേന്ദ്രങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾ വൈദ്യശാസ്ത്രത്തിനു വലിയ പ്രതീക്ഷ പകരുന്നതാണെന്ന് പ്രശസ്ത കാൻസർ ചികിൽസാ വിദഗ്ധൻ ഡോ. വി. പി. ഗംഗാധരൻ.

പുകവലിയും മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും ഡി.എൻ.എ.യിൽ മാറ്റമുണ്ടാക്കുമെന്നും കോശങ്ങളെ രോഗാവസ്ഥയിലാക്കുമെന്നും ഡോ. ഗംഗാധരൻ ചൂണ്ടിക്കാട്ടി. ശ്വാസകോശ അർബുദത്തിന് 80 ശതമാനം കാരണവും പുകയിലയും പുകവലിയുമാണ്. പ്രതിരോധശേഷിയുള്ള കോശങ്ങളെ വളർത്താനുള്ള ശേഷിയെ ലഹരി തളർത്തുമെന്ന് അദ്ദേഹം പറഞ്ഞു.

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ആശുപത്രിയിലെ ഗവേഷണ വിഭാഗം വിദ്യാർത്ഥികൾക്ക് വൈദ്യശാസ്ത്രത്തിലും ഗവേഷണത്തിലും അഭിരുചി വളർത്താൻ ഒരുക്കിയ **‘Catch Them Young’** പരിപാടിയിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. 50 സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നൂറിലേറെ വിദ്യാർത്ഥികളും അവരുടെ അധ്യാപകരും രക്ഷിതാക്കളുമാണ് പരിപാടിയിൽ പങ്കെടുത്തത്.

കാൻസർ ചികിൽസയ്ക്കു നിർമിതബുദ്ധി ഫലപ്രദമല്ലെന്ന് സെന്റ് ക്ലെയേഴ്സിലെ ആൻസിലിൻ എന്ന വിദ്യാർത്ഥിനിയുടെ ചോദ്യത്തിന് അദ്ദേഹം മറുപടി നൽകി. ഓരോ രോഗിക്കുമുള്ള വ്യത്യസ്തമായ രോഗാവസ്ഥയെ അനുഭവ സമ്പന്നനായ ഡോക്ടർ തന്നെ ചികിൽസിക്കണം. കാൻസറിനു ജീൻ ചികിൽസ ഫലപ്രദമാണോയെന്ന കേന്ദ്രീയ വിദ്യാലയത്തിലെ കൃഷ്ണയുടെയും സേക്രഡ് ഹാർട്ട് സ്കൂളിലെ നിവേദ്യയുടേയും ചോദ്യത്തിന് അർബുദ കോശങ്ങളെ ഇല്ലാതാക്കൽ മാത്രമല്ല, അർബുദബാധയുണ്ടാക്കുന്ന ഘടകങ്ങളെ പ്രതിരോധിക്കൽകൂടിയാണു കാൻസർ ചികിൽസയിലൂടെ ചെയ്യുന്നതെന്ന് ഡോ. ഗംഗാധരൻ മറുപടി നൽകി.

വേദനയില്ലാത്ത മുഴകൾ, കാരണമില്ലാതെ തൂക്കം കുറയൽ, രക്തപ്രവാഹം, വിട്ടുമാറാത്ത ചുമ, പനി തുടങ്ങി അനേകം രോഗലക്ഷണങ്ങളുണ്ടെന്ന് ഹരിശ്രീ വിദ്യാനികേതനിലെ രോഷ്നിക്ക് അദ്ദേഹം മറുപടി നൽകി. പല കാൻസറിനും കാരണം അജ്ഞാതമാണ്. നേരത്തെ കണ്ടെത്തി ചികിൽസ ആരംഭിച്ചാൽ രോഗശാന്തിക്കു സാധ്യത കൂടുതലാണെന്ന് ദേവമാതാ സി.എം.ഐ. പബ്ലിക് സ്കൂളിലെ മേരിയുടെ ചോദ്യത്തോട് അദ്ദേഹം പ്രതികരിച്ചു. പല കാൻസർ രോഗങ്ങൾക്കും ചികിൽസയും മരുന്നും കണ്ടെത്താൻ ലോകമെങ്ങും ദശാബ്ദങ്ങളായി ഗവേഷണങ്ങൾ തുടരുകയാണെന്നും വിദ്യാർത്ഥികൾ വളർന്നു ഗവേഷണ ദൗത്യം തുടരണമെന്നും പാറമേക്കാവ് വിദ്യാനികേതനിലെ നിവേദിന് ഡോ. ഗംഗാധരൻ മറുപടി നൽകി. ആധുനിക ഭക്ഷണ സംസ്കാരം, പ്ലാസ്റ്റിക് പാത്രങ്ങളിൽ ചൂടുവെള്ളം ശേഖരിച്ചു കുടിക്കൽ, അലൂമിനിയം പാത്രങ്ങളിൽ ഉപ്പും പുളിയുമിട്ടുള്ള പാചകം തുടങ്ങിയവയെല്ലാം ആരോഗ്യത്തിനു നന്നെല്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിദ്യാർത്ഥികളിൽ ചെറുപ്രായത്തിൽ തന്നെ ശാസ്ത്രകൗതുകവും ജിജ്ഞാസയും ഗവേഷണാഭിരുചിയും വളർത്താൻ ഒരുക്കിയ പരിപാടിയിൽ ജൂബിലി മിഷൻ ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന രാജ്യാന്തര പ്രാധാന്യമുള്ള ഗവേഷണങ്ങളെ പരിചയ

പ്പെടുത്തി വാതരോഗമുണ്ടാക്കുന്ന രണ്ടു പ്രോട്ടീനുകളെ കണ്ടെത്തിയതും മാസംതികയും മുമ്പേ ജനിക്കുന്ന കൂഞ്ഞുങ്ങൾക്കു പൊക്കിൾക്കൊടി സംരക്ഷണമേകുന്നതും ഓണാട്ടുകര എണ്ണയുടെ സവിശേഷതയും അടക്കമുള്ള ഒരു ഡസനിലേറെ ഗവേഷണനേട്ടങ്ങൾ ലോകത്തിനു സമ്മാനിച്ച ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ലാബൊറട്ടറി സന്ദർശനം വിദ്യാർത്ഥികൾക്കു വിസ്മയക്കാഴ്ചയായി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പ്രിൻസിപ്പൽ ഡോ. എം.എ. ആൻഡ്രൂസ്, മെഡിക്കൽ റിസേർച്ച് ഡയറക്ടർ ഡോ. ഡി.എം വാസുദേവൻ, റിസേർച്ച് കോഓഡിനേറ്ററും പ്ലാറ്റിനം ജൂബിലി ആഘോഷ കമ്മിറ്റി ജനറൽ കൺവീനറുമായ ഡോ. പി. ആർ. വർഗീസ്, ഡോ. കുമുദം എം ഉണ്ണി എന്നിവർ പ്രസംഗിച്ചു. ഡോ. വിനോദ് കുമാർ, ഡോ. പ്രസാദ് അലക്സ്, ശ്രീമതി ഡിമ്പിൾ റീഷൻ എന്നിവർ ക്ലാസ് നയിച്ചു. പങ്കെടുത്ത വിദ്യാർത്ഥികൾക്കു സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു.

## സൗജന്യ ആയുർവേദ
# മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും

രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നടന്നു. ജൂബിലി മിഷൻ ആശുപത്രി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുല്ലക്കര ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജൂബിലി ആയുർവേദ ആശുപത്രി പാസ്റ്ററൽ ഇൻചാർജ് ഫാ. സാജൻ വടക്കൻ അധ്യക്ഷത വഹിച്ചു. ജൂബിലി ആയുർവേദ കൺസൾറ്റന്റുമാരായ ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ.ഹാർവിൻ ജോർജ്ജ്, ഡോ. ബിനു ബാഹുലേയൻ, ഡോ. സരിത മേനോൻ, ഡോ. പാർവതി, ഡോ. വിഷ്ണു മോഹൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.




# നവീകരിച്ച അത്യാധുനിക ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നവീകരിച്ച അത്യാധുനിക ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ നിർവ്വഹിച്ചു.

ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച മന്ത്രി തൃശ്ശൂരിലെ സ്വകാര്യ ആശുപത്രികളിൽ ഏറ്റവും വലിയ പാരമ്പര്യവും വിശ്വാസ്യതയും കൈവരിച്ച സ്ഥാപനമാണ് ജൂബിലി മിഷൻ എന്ന് അഭിപ്രായപ്പെട്ടു. ആരോഗ്യം, ചികിത്സ, വിദ്യഭ്യാസം, ഗവേഷണം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ ജൂബിലി നൽകിയ സംഭാവനകൾ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു. ഏകദേശം അറുപത് വർഷം മുമ്പ് ആദ്യമായി ജൂബിലിയിലെത്തിയ അനുഭവം അദ്ദേഹം അനുസ്മരിച്ചു. അദ്ദേഹം അന്നുമുതൽ ഇന്നുവരെയുള്ള സ്ഥാപനത്തിന്റെ വളർച്ചയും ആരോഗ്യരംഗത്തെ സംഭാവനകളും ശ്രദ്ധേയമാണെന്ന് പറഞ്ഞു.




ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രക്ഷാധികാരിയും ചെയർമാനുമായ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. അനസ്തേഷ്യോളജി വിഭാഗം മേധാവി ഡോ. മറിയം കോശി തോമസ് നവീകരിച്ച ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തെ പരിചയപ്പെടുത്തി.

തൃശ്ശൂർ നഗരസഭ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി. തൃശ്ശൂർ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ആശീർവ്വാദ സന്ദേശം നൽകി.

രോഗികളുടെ സുരക്ഷ, അണുബാധ നിയന്ത്രണം, ശസ്ത്രക്രിയാ കാര്യക്ഷമത, ആധുനിക സാങ്കേതിക സൗകര്യങ്ങൾ എന്നിവ മുൻനിർത്തിയാണ് പുതിയ ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയം നവീകരിച്ചിരിക്കുന്നത്. ഇത് രോഗികൾക്കും ചികിത്സാ സംഘങ്ങൾക്കും കൂടുതൽ മികച്ച സേവനവും സൗകര്യവും ഉറപ്പാക്കുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ കെ. മുരളീധരന് ഉപഹാരസമർപ്പണം നടത്തി. നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ എഫ്. സി. സി., മേയർ ഡോ. നിജി ജസ്റ്റിന് ഉപഹാരം നൽകി. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി രേഖപ്പെടുത്തി.



# ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിന് എ പ്ലസ് അംഗീകാരം

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് നഴ്സിങ്ങ് കോളേജുകളിൽ ഗുണനിലവാരമുള്ള വിദ്യഭ്യാസ രീതികളും അക്കാദമിക് മികവും ഉറപ്പുവരുത്തുന്ന ക്യു.എ. എസ്. വിലയിരുത്തലിൽ ഏറ്റവും ഉയർന്ന ഗ്രേഡായ എ പ്ലസ് ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് കരസ്ഥമാക്കി. പ്രസ്തുത അവാർഡ് ദാന ചടങ്ങും 'നാഷണൽ എഡ്യൂക്കേഷൻ പോളിസി ആന്റ് ക്വാളിറ്റി എൻഹാൻസ്മെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാലയും നടത്തി.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമേൽ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശ്ശേരിയിലെ ബെർക്കുമൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. സൈമൺ തട്ടിൽ മുഖ്യ പ്രഭാഷണം നടത്തി. ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു.

ഡോ. മോഹനൻ കുന്നുമേൽ ക്യു.എ.എസ്. എ പ്ലസ് അവർഡ്



ദാനം നിർവ്വഹിച്ചു. ജൂബിലി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി. എഡിറ്റ് ചെയ്ത 'മെഡിക്കൽ സർജിക്കൽ പ്രൊസീജ്യർ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നടന്നു. തുടർന്ന് 'നാഷണൽ എഡ്യൂക്കേഷൻ പോളിസി' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാല ഡോ. സൈമൺ തട്ടിലിന്റെ നേതൃത്വത്തിൽ നടന്നു. തൃശൂർ അതിരൂപതയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ പ്രിൻസിപൽമാരും സാഫ് അംഗങ്ങളും ശില്പശാലയിൽ പങ്കെടുത്തു. ക്യു.എ.എസ്. നോഡൽ ഓഫീസറും വൈസ് പ്രിൻസിപ്പാളുമായ ഡോ. സി. ട്രീസ ആന്റോ നന്ദി രേഖപ്പെടുത്തി.








# ‘ഫ്രം സ്കിൻ ടു സ്ലൈഡ്’ ശില്പശാല ജൂബിലിയിൽ

ഐ.എ.ഡി.വി.എൽ. കേരളയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണ സ്ഥാപനത്തിലെ ഡെർമറ്റോളജി, പാത്തോളജി വിഭാഗങ്ങളും സംയുക്തമായി സംഘടിപ്പിച്ച ‘ഫ്രം സ്കിൻ ടു സ്ലൈഡ് -ഡീകോഡിംഗ് ഡെർമറ്റോപാത്തോളജി’ ശിൽപശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ഐ.എ.ഡി. വി.എൽ കേരള പ്രസിഡന്റ് ഡോ. ഡേവിഡ് പുതുക്കാടൻ ഉൾപ്പെടെ നിരവധി പ്രമുഖർ പങ്കെടുത്തു. ഡെർമറ്റോപാത്തോളജിയിലെ വിവിധ വിഷയങ്ങളിൽ ഏഴ് വിദഗ്ധ പ്രഭാഷണങ്ങളും തുടർന്ന് സൂക്ഷ്മദർശിനിയിലൂടെ സ്ലൈഡ് പഠനവും കേസ് ചർച്ചകളും നടന്നു. നൂറോളം ബിരുദാനന്തര വിദ്യാർത്ഥികളും ചർമ്മരോഗ വിദഗ്ധരും ആവേശപൂർവ്വം പങ്കെടുത്ത ശിൽപശാലയുടെ സംഘാടക ചെയർമാനായി ഡോ. വർഗ്ഗീസ് ജെയിംസും, സംഘാടക സെക്രട്ടറിയായി ഡോ.ഐശ്വര്യ വർഗ്ഗീസും പ്രവർത്തിച്ചു. ത്വക്ക് രോഗ വിഭാഗം മേധാവി ഡോ. മേഴ്സി പോൾ, പാത്തോളജി വിഭാഗം മേധാവി ഡോ.ദീപ്തി വിജയരാഘവൻ, അസി.ഡയറക്ടർ ഫാ.ടെറിൻ മുള്ളക്കര, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# തീപൊള്ളലേറ്റ ചർമങ്ങൾക്കും ഉണങ്ങാത്ത മുറിവുകൾക്കും ആശ്വാസമായി ഓക്സിജൻ തെറാപ്പി

ദീർഘകാലമായുള്ള പ്രമേഹം മൂലം രക്തചംക്രമണം നിലച്ച് ചലനശേഷി നഷ്ടപ്പെട്ട വിരലോ കാൽപാദമോ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യാതെ സംരക്ഷിക്കാം. ചലനശേഷി നഷ്ടപ്പെടുന്നതിനുമുമ്പേ മൈക്രോന്യൂറൽ ശസ്ത്രക്രിയയും ഓക്സിജൻ തെറാപ്പിയും നൽകി രക്തചംക്രമണവും ചലനശേഷിയും വീണ്ടെടുക്കാമെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. കെ. എം. പ്രദ്യോത്.

ചലനശേഷി കുറയുന്ന ഘട്ടത്തിൽ വിദഗ്ധ ചികിത്സ നൽകിയാൽ വിരലോ കാലോ സംരക്ഷിക്കാമെന്ന് പ്രമേഹരോഗികൾക്കോ അവരുടെ ഉറ്റവർക്കോ മാത്രമല്ല ഡോക്ടർമാരിൽ പലർക്കും അറിയില്ല. മൈക്രോസ്കോപിക് ശസ്ത്രക്രിയയിലൂടെ അതിസൂക്ഷ്മ രക്തക്കുഴലുകളും മറ്റും പുനസ്ഥാപിച്ച് വിരലിനെ പ്രവർത്തനക്ഷമമാക്കാം. ഇതിനുപുറമെ ഹൈപർബാറിക് ഓക്സിജൻ തെറാപ്പിയിലൂടെ രക്ത ചംക്രമണം നിലയ്ക്കാറായ ശരീരഭാഗത്തേക്കും ശരീരത്തിന്റെ എല്ലാ കോശങ്ങളിലേക്കും

അതിസൂക്ഷ്മ രക്തധമനികളിലേക്കും കൂടുതൽ ഓക്സിജൻ നൽകാം. ഈ സംവിധാനം ദക്ഷിണേന്ത്യയിൽ ആദ്യമായി ആരംഭിച്ചത് 2011ൽ ജൂബിലി മിഷനിലാണ്.

ഒരാളുടെ ശരീരത്തിലുള്ള ഓക്സിജൻ 21 ശതമാനത്തിൽ നിന്ന് നൂറുശതമാനമാക്കുന്ന സംവിധാനമാണ് ഓക്സിജൻ തെറാപ്പി. ഒരു മണിക്കൂർ മാസ്ക്കിലൂടെ ശരീരത്തിലേക്ക് ഓക്സിജൻ കൂടുതലായി എത്തുന്നതോടെ അവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നു. തീപൊള്ളലേറ്റവർക്കും പ്രമേഹരോഗികൾക്കും ഇത് വളരെ ഫലപ്രദമാണ്. ന്യൂറോ സർജറി, ഓട്ടിസം, വാർധക്യരോഗങ്ങൾ തുടങ്ങിയവയ്ക്കെല്ലാം പ്രയോജനകരമാണ് ഓക്സിജൻ തെറാപ്പി. ഇന്ത്യയിൽ അമ്പതോളം ആശുപത്രികളിൽ മാത്രമേ ഈ സംവിധാനമുള്ളൂ.ഇങ്ങനെയൊരു ചികിത്സാസംവിധാനമുണ്ടെന്ന്പലർക്കും അറിയില്ലയെന്ന് ഡോ. കെ. എം. പ്രദ്യോത് ചൂണ്ടിക്കാട്ടി.

പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ കോസ്മറ്റിക്ക് സർജറി മാത്രമാണ് സാധാരണക്കാർക്ക് സുപരിചിതം. അപകടങ്ങളിൽ വിരലോ കൈപ്പത്തിതന്നെയോ അറ്റുപോകുകയോ കൈയ്യിലെ മാംസം നഷ്ടപ്പെടുകയോ ആണെങ്കിൽ പൂർവ്വസ്ഥിതിയിലാക്കാനുള്ള ഹാൻഡ് സർജറി, മൈക്രോസ്കോപ്പിന്റെ സഹായത്തോടെ അതിസൂക്ഷ്മമായി ചെയ്യുന്ന മൈക്രോ ന്യൂറൽ സർജറി, പ്രമേഹം നിയന്ത്രണാതീതമാകുമ്പോൾ വിരൽ മുറിച്ചുകളയേണ്ട സാഹചര്യത്തെ മറികടക്കാൻ റികൺസ്ട്രക്റ്റീവ് സർജറി, തീപൊള്ളൽ ശസ്ത്രക്രിയ, മുറിച്ചുണ്ട് മുറിയണ്ണാക്ക് ശസ്ത്രക്രിയ എന്നിങ്ങനെ സുപ്രധാന വിഭാഗങ്ങളുണ്ട്.

അനക്കാനാകാത്ത വിരൽ അതിസൂക്ഷ്മ ഞരമ്പുകളെ മാറ്റിവെച്ച് ശരിയാക്കാം. മാംസവും അതിസൂക്ഷ്മ രക്തക്കുഴലുകളും ചേർത്തുവെച്ച് കൈയ്യോ വിരലോ പുനസ്ഥാപിക്കാൻ പത്തോ പതിനഞ്ചോ മണിക്കൂർ നീളുന്ന ശസ്ത്രക്രിയ വേണ്ടിവരും. വച്ചുതാമസിപ്പിക്കാതെ എത്രയുംവേഗം ശസ്ത്രക്രിയ നടത്തിയാലേ ഫലമുണ്ടാകൂ. ഒന്നര വർഷം വൈകിയാൽ രോഗമുക്തി പ്രയാസമാകും. എന്നാൽ പ്ലാസ്റ്റിക് സർജറിയിലൂടെ രോഗമുക്തി നേടാമെന്ന് രോഗികളും ബന്ധുക്കളും വളരെ വൈകിയാണ് മനസ്സിലാക്കാറുള്ളത്. സാധാരണ സർജറി വിഭാഗമടക്കം മറ്റിടങ്ങളിലാകും ആദ്യം ചികിത്സ പരീക്ഷിക്കുക.



# എംപവറിങ്ങ് എക്സലൻസ് : നേഴ്സിങ്ങ് ശില്പശാല

"Education strategy for empowering excellence in quality enhancement and academic transformation" എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ അധ്യാപകർക്കായി രണ്ട് ദിവസത്തെ ശില്പശാല നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ ഡോ.സി. ജൂഡി എസ്.ഐ.സി. സ്വാഗതപ്രസംഗം നടത്തി. അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ആശംസകളർപ്പിച്ചു. തുടർന്ന ഈ വിഷയത്തെ സംബന്ധിച്ച് ജ്യോതി എഞ്ചിനിയറിങ്ങ് കോളേജ് അസി. പ്രൊഫസർ ഫാ.ഡോ. ജോയ് വടക്കൻ, സെന്റ് തോമസ് കോളേജിലെ ഐ.ക്യു.എ.സി. കോർഡിനേറ്ററും അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ദിവ്യ ജോർജ്, ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ വൈസ് പ്രിൻസിപ്പാൾ ഡോ.സി. ട്രീസ ആന്റോ, പ്രൊഫ. റീന വിൻസന്റ്, പ്രൊഫ. സി. ഗോഡ്വിൻ, അസോസിയേറ്റ് പ്രൊഫസർമാരായ ഷീജ സെബാസ്റ്റ്യൻ, അനുഷ സെൽവിൻ മേരി, ജസ്റ്റി ജോയ്, അസി. പ്രൊഫസർ ജയ്സി ജോൺ എന്നിവർ ക്ലാസുകൾ നയിച്ചു.



# ലോക പരിസ്ഥിതി ദിനം: ജൂബിലി മിഷൻ നഴ്സിംഗ് കോളേജിൽ വൃക്ഷത്തെ നട്ടു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്, ഇംഗ്ലണ്ടിലെ കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിലെത്തിയ ഡോ. ലൂക്ക് ഇവർട്ട്, റെബേക്കാ സന്റീസ് എന്നിവർ ചേർന്ന് കോളേജ് പരിസരത്ത് വൃക്ഷത്തൈ നട്ടു. പരിസ്ഥിതി സംരക്ഷണത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് വൃക്ഷത്തൈ നടീൽ സംഘടിപ്പിച്ചത്.

ജൂബിലി മിഷൻ ചെയർമാനും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിന്റെ പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ജൂഡി എസ്.ഐ.സി. മെഡിക്കൽ സുപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ആൻഡ്രൂസ് എം. എ എന്നിവർ പങ്കെടുത്തു.




# 'EXAMTHALON X - A DECADE OF EXCELLENCE'

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'Examthalon X - A Decade of Excellence' എന്ന ദേശീയതല എമർജൻസി മെഡിസിൻ ബോർഡ് പരീക്ഷാ സിമുലേഷനും റെസിഡന്റ് സമ്മിറ്റും ആരംഭിച്ചു. എമർജൻസി മെഡിസിൻ അസോസിയേഷന്റെ (EMA) ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അധ്യാപകരും ബിരുദാനന്തര വിദ്യാർത്ഥികളും പങ്കെടുക്കുന്നു. ബഹുവിഷയ കേസ് ചർച്ചകൾ, അപ്ഡേറ്റ് സെഷനുകൾ, പ്രായോഗിക പരീക്ഷാ സിമുലേഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമാണ്. പരിപാടി ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, ഇ.എം.എ. കേരള അണ്ടർ സെക്രട്ടറി ഡോ. അഖിൽ എസ്. എൽ. എന്നിവർ ആശംസകൾ നേർന്നു. സംഘാടക കൺവീനർ ഡോ. പി. സി. രാജീവ് സ്വാഗതം ആശംസിക്കുകയും പരിപാടി പരിചയപ്പെടുത്തുകയും ചെയ്തു. ഓർഗനൈസിങ് സെക്രട്ടറി ഡോ. ഡിയോ മാത്യു നന്ദി രേഖപ്പെടുത്തി.




# പനി വ്യാപനത്തിന് ജൂബിലിയിൽ ചെക്ക്

പനി വ്യാപനം ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വൈകുന്നേരങ്ങളിൽ പ്രത്യേക ഫീവർ ക്ലീനിക്ക് ആരംഭിച്ചു. ദിവസവും വൈകുന്നേരം 4.30 മുതൽ 7 വരെ ക്ലിനിക്ക് പ്രവർത്തിക്കും. സ്കൂൾ സമയം കഴിഞ്ഞ് വിദ്യാർത്ഥികൾക്കും ജോലി സമയം കഴിഞ്ഞ് ജോലിക്കാർക്കും സൗകര്യപ്രദമായി ഡോക്ടറെ കാണുന്നതിനായാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഫാർമസി, ലാബ് പരിശോധനകൾ, എക്സ്-റേ, സ്കാനിംഗ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സൗകര്യങ്ങളും ഈ സമയത്ത് ലഭ്യമാണ്.

നിലവിലെ പനി വ്യാപന സാഹചര്യത്തിൽ പൊതുജനങ്ങൾ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. ഫീവർ ക്ലിനിക്കിനൊപ്പം ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, സർജറി, ഗൈനക്കോളജി തുടങ്ങിയ മറ്റ് വിഭാഗങ്ങളുടേയും ഒ.പി. സേവനം വൈകുന്നേരങ്ങളിൽ ലഭ്യമാണ്.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനോടൊപ്പം സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് എന്നിവർ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.




# ഫോക്കസ് - 2026 ന് പ്രൗഢതുടക്കം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗവും തൃശ്ശൂർ ഒ ആന്റ് ജി സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഫോക്കസ് പി.ജി. ബിരുദാനന്തരബിരുദ പരിശീലന പരിപാടിക്ക് പ്രൗഢമായ തുടക്കമായി. യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഒ.ബി.ജി.യിലെ പി.ജി. വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന അഞ്ചു ദിവസത്തെ തീവ്ര പരിശീലന പരിപാടിയാണിത്.

ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഐ.എ.എസ്. ഭദ്രദീപം തെളിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. പരീക്ഷാ സമ്മർദ്ദത്തെ ആത്മവിശ്വാസമാക്കി മാറ്റുവാനും സമൂഹത്തിൽ മികച്ച ഡോക്ടർമാരായി വളരാനും വിദ്യാർത്ഥികൾ പരിശ്രമിക്കണമെന്ന് അവർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ ഡോ. ആൻഡ്രൂസ് എം. എ. അധ്യ




ക്ഷനായി പി.ജി. വിദ്യാർത്ഥികളുടെ ക്ലിനിക്കൽ, അക്കാദമിക് മികവുകൾ വർദ്ധിപ്പിക്കുവാൻ ഇത്തരം പരിശീലന പരിപാടികൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യാതിഥിയായ നടിയും സൈക്കോളജിസ്റ്റും മോട്ടിവേഷണൽ സ്പീക്കറുമായ ലെന കുമാർ പരീക്ഷാകാലത്തെ മാനസിക സമ്മർദ്ദം ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ച് പ്രചോദനാത്മക സന്ദേശം നൽകി.

ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബിന്ദു മേനോൻ സ്വാഗതം ആശംസിച്ചു. പരിശീലന പരിപാടിയുടെ ലക്ഷ്യവും അക്കാദമിക് ഘടനയും അവർ വിശദീകരിച്ചു. ജൂബിലി മിഷൻ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ജില്ലാ കളക്റ്റർക്ക് മൊമെന്റോ നൽകി ആദരിച്ചു. പ്രൊഫസർ എമെറിറ്റസും സീനിയർ കൺസൾട്ടന്റുമായ ഡോ. സറീന ഗിൽവാസ് മുഖ്യാതിഥി ലെന കുമാറിനെ ആദരിച്ചു. ഫോക്കസ് പി.ജി എന്ന ആശയത്തിന്റെ മുഖ്യ ശിൽപിയാണ് ഡോ. സറീന ഗിൽവാസ്.

മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ തൃശ്ശൂർ ഒ ആന്റ് ജി സൊസൈറ്റി പ്രസിഡണ്ട് ഡോ. നീത ജോർജ്ജ് ജൂബിലി മിഷൻ ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂബിലിയുടെ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ലോല രാമചന്ദ്രൻ നന്ദി രേഖപ്പെടുത്തി.



# ജൂബിലി മിഷൻ : കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജ്

ഇന്ത്യ ടുഡേ-എം.ഡി.ആർ.എ-യുടെ ബെസ്റ്റ് കേളേജസ് സർവ്വേ 2026-ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജായി തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം ദേശീയ തലത്തിൽ 42-ാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലിക്ക് കഴിഞ്ഞ വർഷത്തെ 45-ാം സ്ഥാനത്തുനിന്ന് മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചുവെന്ന് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് അറിയിച്ചു.

വിദ്യാർത്ഥികളുടെ നിലവാരം, അക്കാദമിക് മികവ്, അധ്യാപന-ഗവേഷണ നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, ക്യാമ്പസ് അനുഭവം, വ്യക്തിത്വ-നേതൃത്വ വികസനം, തൊഴിൽ സാധ്യതകൾ, സ്ഥാപനത്തിന്റെ പൊതുജന-വിദഗ്ധ വിലയിരുത്തൽ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇന്ത്യ ടുഡേ-എം.ഡി.ആർ.എ. റാങ്കിംഗ് തയ്യാറാക്കുന്നത്.

കേരളത്തിൽ ഒന്നാം സ്ഥാനവും ദേശീയ തലത്തിൽ മികച്ച മുന്നേറ്റവും കൈവരിച്ച ജൂബിലി മിഷന്റെ ഈ നേട്ടം വിദ്യാഭ്യാസ മികവിനും ഗവേഷണ മികവിനും രോഗീകേന്ദ്രീകൃത ആരോഗ്യസേവനത്തിനുമുള്ള അംഗീകാരമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.



# ജൂബിലി മിഷൻ ജീവൻരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം

പെട്ടെന്ന് കുഴഞ്ഞു വീഴുന്നതടക്കമുള്ള അടിയന്തരഘട്ടത്തിൽ ജീവൻ രക്ഷിക്കാൻ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകൾ എന്തെല്ലാമാണ്? അപകടമുണ്ടായാൽ ആദ്യം എന്ത് ചെയ്യണം? ചെയ്യരുതാത്ത കാര്യങ്ങളുമുണ്ട്. ഇത്തരം വിഷയങ്ങളിൽ സാമൂഹിക അവബോധം സൃഷ്ടിക്കാനുള്ള പദ്ധതിയുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ്.

ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികാഘോഷത്തോടനുബന്ധിച്ച് വിവിധ പ്രദേശങ്ങളിലായി ജൂബിലി മിഷൻ ജീവൻ രക്ഷ പ്രഥമ ശുശ്രൂഷാ പരിപാടികൾ സംഘടിപ്പിക്കും. ജൂബിലി മിഷനിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് ഈ പരിശീലന പരിപാടി സജ്ജമാക്കുന്നത്. കൃത്രിമ ശ്വാസോച്ഛ്വാസം നൽകൽ (സി.പി.ആർ.) ഹൃദയമിടിപ്പ് പരിശോധിക്കൽ എന്നിവയിലും പരിശീലനം നൽകും. ഹൃദ്രോഗം, പാമ്പുകടി, തീപ്പൊള്ളൽ, പെട്ടെന്നുള്ള വീഴ്ച, വാഹനാപകടം എന്നിങ്ങനെയുള്ള ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന പ്രഥമ ശുശ്രൂഷകളാണ് പരിശീലിപ്പിക്കുന്നത്. അടിയന്തരഘട്ടങ്ങളിൽ നൽകേണ്ട പ്രഥമ ശുശ്രൂഷ നൽകിയില്ലെങ്കിലും അരുതാത്ത

കാര്യങ്ങൾ ചെയ്താലും രോഗിയുടെ നില അപകടത്തിലാകും. ഇത്തരം അനുഭവങ്ങൾ ധാരാളമുള്ളതിനാലാണ് പൊതു സമൂഹത്തിന് സൗജന്യമായി പരിശീലനംനൽകുന്നത്. അപകട ഘട്ടങ്ങളിൽ ഓടിയെത്താറുള്ള പൊതുപ്രവർത്തകർ, അധ്യാപ കർ, വ്യാപാരികൾ, ഡ്രൈവർമാർ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ തുടങ്ങിയവർക്കാണ് പരിശീലനം നൽകുക.

ജൂബിലി മിഷൻ ജീവൻ രക്ഷ - പ്രഥമ ശുശ്രൂഷാ പരിശീലന പരിപാടി മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ നടന്നു. കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. മേരി റെജീന ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗ ത്തിന്റെ മേധാവി ഡോ. ജോ തോമസ്, ഡോ. തോംസൺ സി. ഡേവിസ്, ഡോ. ആർ. പ്രിയങ്ക, ഡോ.ഫാ. ജോബിൻ ജോർജ്, ഡോ. പി. അർജുൻ, ഹെൽത്ത് ഇൻസ്പെക്ടർ ആൻസൻ എബ്രഹാം എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്.











# കർക്കിടക കഞ്ഞിക്കിറ്റിന്റെ വിതരണോത്ഘാടനം

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി പുറത്തിറക്കുന്ന കർക്കിടക കഞ്ഞിക്കിറ്റിന്റെ വിതരണോത്ഘാടനം തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് ആരോഗ്യമന്ത്രി കെ. മുരളീധരനും തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിനും ചേർന്ന് നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ്, ആശുപത്രി സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, ജൂബിലി ആയുർവേദ മിഷൻ ആശുപ്രതി കൺസൾട്ടന്റ് ഡോ. സി. ഡൊണാറ്റ എന്നിവർ പങ്കെടുത്തു.

തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി, ജൂബിലി വെൽഫയർ സ്റ്റോർ, രാമവർമ്മപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രി എന്നിവിടങ്ങളിൽ ജൂബിലി കർക്കിടക കഞ്ഞിക്കിറ്റ് ലഭ്യമാണ്.

ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ കർക്കിടക ചികിത്സയ്ക്കുള്ള ബുക്കിങ്ങ് ആരംഭിച്ചിട്ടുണ്ട്. രാമവർമ്മപുരത്തെ ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിലും തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിലും പഞ്ചകർമ്മ ചികിത്സാസൗകര്യം ലഭ്യമാണ്.




# ജൂബിലിയിൽ നാഷണൽ റിസേർച്ച് സിംപോസിയം

കെമിക്കൽ ബയോളജി ആന്റ് ഡ്രഗ്ഗ് ഡിസൈൻ എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ നാഷണൽ സിംപോസിയം സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എഴുപതോളം പേർ ഇതിൽ പങ്കെടുത്തു. പ്രോട്ടീനുകളെ ലക്ഷ്യമാക്കി നടത്തുന്ന രാസപഠനങ്ങളിൽ നിന്ന് രോഗചികിത്സക്കുള്ള പുതിയ മരുന്നുകളുടെ വികസനത്തെ പരാമർശിച്ചുകൊണ്ട് ഡോ. സുഷഭൻ സധുഖാൻ (ഐ.ഐ.ടി., പാലക്കാട്) പ്രബന്ധമവതരിപ്പിച്ചു. മരുന്നുവികസനത്തിൽ മൈക്രോപെപ്റ്റൈഡുകളുടെ അനന്ത സാധ്യതകളെക്കുറിച്ച് ഡോ. നവ്യ രാജ് (സൗദി ഇലക്ട്രോണിക് യൂണിവേഴ്സിറ്റി, സൗദി അറേബ്യ) അവതരിപ്പിച്ചു. ഡോ. അഭിനന്ദൻ സി. എസ്. (വയറോളജി ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം) ഡോ. ബേബി ചക്രപാണി പി. എസ്.

(കുസാറ്റ്, കൊച്ചി) ഡോ. അഭിതാജ് ജെ. (യെനോപോയ യൂണി വേഴ്സിറ്റി, മംഗലാപുരം) ഡോ. ഗിരിനാഥ് ജി. പിള്ളൈ (C.V.J. Syn. Bio, Kochi), ഡോ. ശിവശങ്കർ പുട്ട (തിങ്ക് ബയോ എ.ഐ., കൊച്ചി), ഡോ. സരിത ഫ്രാൻസിസ് (ജൂബിലി മിഷൻ, തൃശ്ശൂർ) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




സിംപോസിയത്തിൽ അവതരിപ്പിച്ച 36 പ്രബന്ധങ്ങളുടെ സംക്ഷിപ്ത രൂപം ISBN നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം ജൂബിലി റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസിന് നൽകി നിർവ്വഹിച്ചു. ഡോ. ദിലീപ് വിജയൻ സ്വാഗതവും ഡോ. മാത്യു ജോൺ നന്ദിയും രേഖപ്പെടുത്തി.

തെരഞ്ഞെടുക്കപ്പെട്ട 10 ഗവേഷകർ സിംപോസിയത്തിൽ ഉപപ്രബന്ധങ്ങൾ അവതരിപ്പിച്ചു. 14 പേർ തങ്ങളുടെ ഗവേഷണ ഫലങ്ങൾ പോസ്റ്റർ രൂപത്തിലും അവതരിപ്പിച്ചു. ഹിമശ്രീ (ജൂബിലി മിഷൻ, തൃശ്ശൂർ) വിഷ്ണു എൻ.വി. (ഐ.ഐ.ടി., പാലക്കാട്) എന്നിവരെ മികച്ച പ്രബന്ധ അവതാരകരായി തിരഞ്ഞെടുത്തു. പള്ളിയിൽ ശിവദാസ് (ഐ.ഐ.ടി., പാലക്കാട്), രുദ്ര സാംസൺ (ആർ.ജി.സി.ബി., തിരുവനന്തപുരം) എന്നിവർക്ക് പോസ്റ്റർ വിഭാഗത്തിൽ അവാർഡുകൾ ലഭിച്ചു.

# യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഓക്സിലറി നഴ്സ് **ശ്രീ. വില്ല്യംസ് എ. എ.**യ്ക്ക് യാത്രാമംഗളങ്ങൾ.



# ജൂബിലിയിൽ 'ഓപ്പൺ ജിം' ആവേശമുണർത്തി കാഴ്ചക്കാരോടൊപ്പം മേയറുടെ സുംബ നൃത്തം

ആരോഗ്യപരിപാലന രംഗത്തെ 75 വർഷത്തെ സമാനതകളില്ലാത്ത സേവന പാരമ്പര്യത്തിന്റെ സ്മരണക്കായി ജൂബിലി മിഷൻ ആശുപത്രിയിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി 'ഓപ്പൺ ജിം' സംവിധാനമൊരുക്കി. ആശുപതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് ഈ പുതിയ സംരംഭം പൊതുജനങ്ങൾക്കായി സമർപ്പിച്ചത്. 'നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം' (Our Health Our Responsibility) എന്ന ശക്തമായ സന്ദേശമാണ് ഈ ഓപ്പൺ ജിമ്മിലൂടെ ആശുപ്രതി മുന്നോട്ട് വെയ്ക്കുന്നത്.

ചടങ്ങിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ ഓപ്പൺ ജിമ്മിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. ആശുപത്രി ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ

ആശീർവ്വാദകർമ്മം നടത്തി. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ എന്നിവർ പ്രസംഗിച്ചു. പഞ്ചഗുസ്തി ചാമ്പ്യൻ ജസ്റ്റിൻ എ. യു., അയേൺ മേൻ ഓഫ് ദ വേൾഡ് ഡോ. വരുൺ മേനോൻ എന്നിവരുടെ സാന്നിധ്യത്തിൽ ഇന്റർനാഷണൽ സുംബ ട്രെ യിനർ ഡോ. റോമ ആന്റ് ടീമിന്റെ നേതൃത്വത്തിൽ ഡോക്ടർ മാർക്കും സ്റ്റാഫിനും വിദ്യാർത്ഥികൾക്കും രോഗികളുടെ കൂ ട്ടിരിപ്പുകാർക്കും സുംബ ട്രെയിനിങ്ങ് നടത്തി. തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ കാഴ്ച്ചക്കാരോടൊപ്പം സുംബ നൃത്ത ചുവടുകൾ വെച്ചു.

ആരോഗ്യസംരക്ഷണം ഇനി പ്രകൃതിയോടിണങ്ങി – രോഗശാന്തിക്കൊപ്പം തന്നെ രോഗപ്രതിരോധ ശേഷി വളർ ത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ ഈ ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ ഒരു ക്കിയിരിക്കുന്നത്.

എല്ലാവർക്കും അനുയോജ്യമായ വ്യായാമ ഉപകരണങ്ങളാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നത്. ചികിത്സ കഴിഞ്ഞ് സുഖം പ്രാപിക്കു ന്നവർക്കും രോഗികളുടെ കൂട്ടായെത്തുന്നവർക്കും ആശുപത്രി ജീവന ക്കാർക്കും ഒരുപോലെ ഇത് പ്രയോജനപ്പെടും.

പ്ലാറ്റിനം ജൂബിലി സമ്മാനം – 75 വർഷത്തെ ജനവിശ്വാ സത്തിന് നന്ദി സൂചകമായി സമൂഹത്തിന് കൂടുതൽ ആരോ ഗ്യകരമായ ഒരു ജീവിതശൈലി സമ്മാനിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

വരുംതലമുറയ്ക്ക് മികച്ച ആരോഗ്യ സംസ്ക്കാരം പകർ ന്നുനൽകാനുള്ള ആശുപത്രിയുടെ നിരന്തരമായ ശ്രമങ്ങളുടെ ഭാഗമാണ് ഈ ഹരിത ഫിറ്റ്നസ് മേഖല.

രോഗങ്ങളെ ചികിത്സിക്കുക എന്നതിനപ്പുറം ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് ഈ പ്ലാറ്റിനം ജൂബിലി വേളയിൽ ഞങ്ങളുടെ ലക്ഷ്യം. സ്വന്തം ആരോഗ്യം സംരക്ഷിക്കാൻ ഓരോരുത്തരും മുന്നോട്ട് വരണമെന്ന സന്ദേ ശമാണ് ഈ ഓപ്പൺ ജിം നൽകുന്നത്.



# തൃശൂർ പൂരം പ്രദർശനത്തിൽ ജൂബിലി മിഷൻ പവിലിയന് ഒന്നാം സ്ഥാനം

2026 തൃശൂർ പൂരം പ്രദർശനത്തിൽ ആരോഗ്യ ബോധവൽക്കരണത്തിനും ജനപങ്കാളിത്ത പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി ഒരുക്കിയ പവിലിയന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒന്നാം സമ്മാനം നേടി.

കേന്ദ്ര മന്ത്രി ശ്രീ. സുരേഷ് ഗോപി, കേരള സർക്കാർ കായിക-യുവജനകാര്യ മന്ത്രി അഡ്വ. ഒ. ജെ. ജനീഷ് എന്നിവർ ചേർന്നാണ് ജൂബിലി മിഷൻ പ്രതിനിധികൾക്ക് പുരസ്കാരം സമ്മാനിച്ചത്.

ഈ വർഷം ജൂബിലി മിഷന്റെ പവിലിയനിലൂടെ ജീവിതശൈലിരോഗങ്ങളെക്കുറിച്ചുള്ള അവബോധം, ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ വിഭാഗത്തേക്കുറിച്ചുള്ള അവബോധവും, രോഗ നിർണയവും ചികിത്സാ മാർഗങ്ങളും സംബന്ധിച്ച വിവര




ങ്ങൾ, ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം, മുതിർന്നവർക്കായുള്ള ആരോഗ്യപരിപാലന നിർദേശങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. പവിലിയൻ സന്ദർശിച്ച ആയിരക്കണക്കിന് ആളുകൾക്ക് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രായോഗിക അറിവുകൾ നൽകുന്നതിൽ ഈ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി.

ജൂബിലി മിഷനെ പ്രതിനിധീകരിച്ച് ഡോ. രഞ്ജിത് എസ്. (പ്രൊഫസർ, അനാട്ടമി വകുപ്പ്), ഡോ. ജോബിൻസ് ജോസ്, ഡോ. തോംസൺ സി. ഡി., ഡോ. ഫ്രാങ്കോ ജോണി (കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്), പ്രൊജക്റ്റ് മാനേജ്മെന്റ് ഓഫീസർ സിറിൻ ചെറിയാൻ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

ഈ നേട്ടത്തിന് നേതൃത്വം നൽകിയ സംഘാംഗങ്ങളെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അഭിനന്ദിക്കുകയും, സമൂഹാരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ജൂബിലി മിഷൻ തുടർന്നും സജീവമായി ഇടപെടുമെന്ന് അറിയിക്കുകയും ചെയ്തു.




# ജൂബിലി മിഷനിൽ 'ഇൻക്വയറി ടു ഇൻസൈറ്റ്' സംഘടിപ്പിച്ചു

ഇൻക്വയറി ടു ഇൻസൈറ്റ് : ഷേപ്പിംഗ് ടുമാറോസ് റിസേർച്ചേഴ്സ് - എന്ന വിഷയത്തെ ആസ്പദമാക്കി നൂതന ഗവേഷണരീതികളും സാധ്യതകളും ഉൾപ്പെടുത്തിക്കൊണ്ട് ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ അധ്യാപകരുടേയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ കേരളത്തിലെ നേഴ്സിങ്ങ് അധ്യാപകർക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുമായി ശില്പശാല നടത്തി. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി. സ്വാഗതം ആശംസിച്ചു. തുടർന്ന് ഈ വിഷയത്തെ സംബന്ധിച്ച് ജൂബിലി മിഷനിലെ പ്രൊഫസർ ഡോ. ജോ തോമസ്, ഡോ. മരിയ ജോസ്, പ്രോജക്റ്റ് റിസേർച്ച് സയന്റിസ്റ്റ് സുൽഫത്ത് ടി., അമല മെഡിക്കൽ കോളേജിലെ ബയോസ്റ്റാറ്റിക്സ് ലക്ചറർ ജിനി എം. പി., ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ.സി., വൈസ് പ്രിൻസിപ്പാൾ ഡോ.സി. ട്രീസ ആന്റോ എന്നിവർ ക്ലാസുകൾ നയിച്ചു.




# 'ടോക്സികോൺ 2026' ജൂബിലി മിഷനിലെ ഡോക്ടർക്ക് ഒന്നാം സ്ഥാനം



ടോക്സികോൺ 2026 അന്താരാഷ്ട്ര സമ്മേളനത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസവ-സ്ത്രീരോഗ വിഭാഗം ഡോക്ടർ ഡോ. ഭാഗ്യശ്രീക്ക് ഗവേഷണ പ്രബന്ധത്തിന് ഒന്നാം സമ്മാനം ലഭിച്ചു. തൃശ്ശൂരിലെ ഹയാത്ത് റീജൻസിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിലാണ് ഡോ. ഭാഗ്യശ്രീ അവതരിപ്പിച്ച - "Association of Serum Fructosamine and HbAlc with the Neonatal outcome in Women with GDM-' എന്ന ഗവേഷണ പ്രബന്ധം മികച്ച പ്രബന്ധമായി തിരഞ്ഞെടുക്കപ്പെട്ടത്. ഗർഭകാല പ്രമേഹമുള്ള സ്ത്രീകളിൽ സെറം ഫ്രക്ടോസാമിനും HbA1cയും നവജാതശിശുക്കളുടെ ആരോഗ്യഫലങ്ങളുമായി എങ്ങിനെ ബന്ധപെട്ടിരിക്കുന്നു എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ ഗവേഷണമാണ് ഒന്നാം സ്ഥാനത്തിന് അർഹമായത്. ഡോ. ഭാഗ്യശ്രീയുടെ ഈ നേട്ടത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിനന്ദനം അറിയിച്ചു.




# ലോക രക്തദാനദിനാചരണം

ലോക രക്തദാന ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടിയും യൂത്ത് ഡോണർ ക്ലബ്ബായ ക്ലബ്ബ് 25-ന്റെ ഉദ്ഘാടനവും നടന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം മേധാവി ഡോ. രമേശ് ഭാസ്ക്കരൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രിന്റോ കിഴക്കേക്കണ്ണഞ്ചിറ അധ്യക്ഷത വഹിച്ചു. ന്യൂറോളജി വിഭാഗം പ്രൊഫസർ ഡോ. ഫിജു ചാക്കോ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ പ്രഭാഷണം നടത്തി. ലബോറട്ടറി സർവ്വീസസ് ആന്റ് ബ്ലഡ് ബോങ്ക് വിഭാഗം മേധാവിയായ ഡോ. സുശീല ജെ. ഇന്ന ചടങ്ങിൽ സന്നിഹിതയായിരുന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ സീനിയർ റസിഡണ്ടായ ഡോ. ആൻസി നൈനാൻ നന്ദി പറഞ്ഞു. പരിപാടിയിൽ സ്ഥിരമായി രക്തദാനം ചെയ്യുന്ന ദാതാക്കളെയും ലോക രക്തദാനദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മത്സരത്തിലെ വിജയികളെയും ആദരിച്ചു. സുരക്ഷിതവും മതിയായതുമായ രക്ത ലഭ്യത ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെ പങ്കാളിത്വത്തിന്റേയും സ്ഥിരമായ സ്വമേധയാ രക്തദാനത്തിൻറേയും പ്രാധാന്യം പരിപാടിയിൽ ഊന്നിപ്പറഞ്ഞു. Transfution മെഡിസിൻ വിഭാഗം ഫാക്കൽറ്റി അംഗങ്ങൾ, വിദ്യാർത്ഥികൾ, ജീവനക്കാർ, രക്തദാതാക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

Welcome TO JUBILEE FAMILY

| | |
|---|---|
| Dr. Ajithkumar K | Dermatology & Venereal |
| Dr. Mallika V | Ophthalmology |
| Dr. Lithiya Panokaran | General Surgery |
| Dr. Linda P Johnson | General Medicine |
| Dr. Athul Menon | Orthopaedics |
| Dr. Steffi Ann Vincent | Emergency Medicine |
| Dr. Srenga Punnapully Subash | Plastic Surgery |
| Dr. Frenin John | Emergency Medicine |
| Dr. Chris Jos | Cardiac Surgery |
| Dr. Anjusha Joseph V T | Cardiac Surgery |
| Dr. Jerin Benny | Cardiac Surgery |
| Dr. Nitha Jose | General Medicine |
| Dr. Anshiya Alex | Ayurveda |
| Ms. Karolin Devasia | Physiotherapy & Rehabilitation |
| Ms. Aleesha George | Physiotherapy & Rehabilitation |
| Sr. Linti Punnassery (Lintimol Varghese) | Central Laboratory |
| Sr. Lima Alappaden (Lima Jose A) | Central Laboratory |
| Ms. Malavika K S | Operation Theatre |
| Mr. Febin Sunny | Operation Theatre |
| Ms. Nanmatha K M | Operation Theatre |
| Ms. Niranjana P R | Ayurveda |
| Mrs. Ludhiya Paul K | Counter |
| Mr. Vino T V | Maintenance |
| Mr. Melvin Varghese | Maintenance |
| Mrs. Saranya Subhash | Auxiliary Nursing |
| Mrs. Anju Augustine | Auxiliary Nursing |

## NURSING

Ms. Saranya S
Mrs. Ligi Joy
Ms. Nimisha George
Ms. Shincy T S
Ms. Annu Maria Lino
Sr. Ancy Antony (Ancy K A)
Ms. Sandra P S
Ms. Bysy Joy
Mrs. Avani K S
Ms. Sanchal Theresa Jose
Ms. Elga Antony
Ms. Neha Babu
Ms. Mary Merin Jose
Ms. Ashitha Saji
Ms. Delna Mariya Roy
Ms. Ancy C J
Ms. Helna Mariya
Ms. Sija Jose
Ms. Hivya C S
Ms. Sneha Shaji
Ms. Aneesha C
Mrs. Soumya Davis V
Mrs. Anjitha Mohanan
Mrs.Shalu M P
Ms. Anju P Jolly
Ms. Kavya Shaju
Sr. Anupriya (Anupriya C S)
Ms. Princy P S
Ms. Brijit Babu
Ms. Salvy M S
Ms. Sandra Thomas
Ms. Hridhya M M
Ms. Aleena Benny
Ms. Anjitha Ravi
Ms. Anupa Joshy
Ms. Rose Mariya U Poulson
Ms. Josna Benny
Ms. Irene T A
Ms. Anjitha Joju
Ms. Delna Doji
Ms. Ancil Suhruth
Ms. Anjana Saji
Ms. Sujitha E
Ms. Ardra Babu
Ms. Mariya Sunny
Ms. Femi Francis
Sr. Elsa Grace (Nimisha P A)
Ms. Nimna Rose
Ms. Sneha T B
Mrs. Krishna Jagatheesh
Ms. Riya Shaju
Ms. Shijitha Sheejo
Ms. Niya P P
Ms. Ansu Elsa Varghese
Ms. Christy Therese George
Ms. Anna Rose T John
Ms. Angel C Benny
Ms. Agnus Mariya Joju
Ms. Binisha M D
Ms. Ann Mariya Jolly
Ms. Rithika Vinosh
Ms. Gagana K C
Ms. Riya Robinson
Ms. Dona Binu




ജൂബിലി മിഷൻ ആശുപത്രിയിൽ ഞങ്ങൾക്ക് വളരെ നല്ല അനുഭവമായിരുന്നു. അടുത്തിടെ ഡോ. ഹാരിസ് പോളിന്റെ കീഴിൽ മൂന്ന് ശസ്ത്രക്രിയകൾ നടത്തി. അദ്ദേഹത്തിനും മുഴുവൻ ടീമിനും അവരുടെ മികച്ച ചികിത്സയ്ക്കും കരുതലിനും ആത്മാർത്ഥമായ നന്ദി.

ചികിത്സയുടെ മുഴുവൻ സമയത്തും ലഭിച്ച പരിഗണനയും സ്നേഹപൂർവമായ സമീപനവും ഏറെ ആശ്വാസകരമായിരുന്നു.

ഡയമണ്ട് ബ്ലോക്കിലെ നഴ്സിംഗ് സ്റ്റാഫിനും പ്രത്യേക നന്ദി. അവരുടെ സേവനവും ശ്രദ്ധയും വളരെ മികച്ചതായിരുന്നു.

ആശുപത്രിയുടെ സേവനങ്ങളും ക്രമീകരണങ്ങളും ആകെ വളരെ മികച്ച നിലവാരത്തിലായിരുന്നു.

Together,
We are the
Patient Experience !

ഒരു ചെറിയ നിർദ്ദേശം മാത്രമുണ്ട്. കാന്റീനിലെ ഭക്ഷണ-ചായ സേവനം വളരെ സൗകര്യപ്രദമാണ്. എന്നാൽ നിലവിൽ പണം നൽകി വാങ്ങുന്ന സംവിധാനമാണ് ഉള്ളത്. UPI/QR കോഡ് പേയ്മെന്റ് സൗകര്യം കൂടി ലഭ്യമാക്കിയാൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കൂടുതൽ സൗകര്യപ്രദമാകും.

ഡോ. ഹാരിസ് പോളിനെയും, ഡയമണ്ട് ബ്ലോക്ക് ടീമിനെയും, ആശുപത്രി മാനേജ്മെന്റിനെയും ഞാൻ ആത്മാർത്ഥമായി ശുപാർശ ചെയ്യുന്നു. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**നവാസ് കായ്യാലസ്**



# JOURNAL CLUB



JCMR organised the 96th Journal club meeting on July 22, Wednesday at New CCM hall. The speaker on the occasion was Dr. Aiswarya Pradeep, Assistant Professor, Department of Pathology. The topic was based on an article titled "Molecular diagnosis of kidney allograft rejection based on the Banff Human Organ Transplant gene panel: A multicenter international study" Zielinski, Dina, et al., American Journal of Transplantation. 2025 Aug 1;25(8):1631-42. DOI: 10.1016/j.ajt.2025.04.025.

The article studies the importance of Banff Human Organ Transplant gene panel for its application in molecular diagnosis of kidney allograft rejection. The study involves the machine learning process and bioinformatic analysis in assessing the gene ontology and molecular functions. Dr. D M Vasudevan, Dr. Deepthi Vijayaraghavan, Dr. Ajith, and Dr. P R Varghese participated in the discussion. Dr. Mathew John welcomed the gathering and Dr. Saritha Francis delivered vote of thanks.




# EXCLUSIVE BREASTFEEDING:

## A CLINICAL BLUEPRINT FOR NEURO-METABOLIC PRIMING

Exclusive breastfeeding is defined as the sole consumption of human milk without any supplementary solids or liquids, including water, with the sole exception of medically indicated vitamin or mineral drops. The clinical evidence is robust, showing that human milk reduces infant mortality and protects against acute and chronic diseases. In the short term, exclusive breastfeeding reduces the incidence of lower respiratory tract infections, severe otitis media, and acute diarrheal illness . In the long term, exclusive breastfeeding acts as a metabolic programmer, reducing the risk of pediatric obesity, asthma, and type 1 and type 2 diabetes. These benefits are also tied to maternal health. In the short term, breastfeeding facilitates uterine contraction and accelerates postpartum weight loss . In the long term, it reduces the risk of breast and ovarian cancers,

rheumatoid arthritis, hypertension, and type 2 diabetes. Recent researches have shone more insights into how breast milk is able to out perform formulae feeds.

A very important concept realised in recent research is the gut-mammary axis. This pathway represents an internal vertical transmission route wherein maternal gut dendritic cells and macrophages sample live bacteria from the maternal distal colon to the lactating mammary gland, where they are secreted into the milk . This active translocation is supported by the detection of identical bacterial strains, such as Bifidobacterium breve, in maternal feces, colostrum collected before suckling, and subsequent infant stool samples. As a primary microbial vector, human milk facilitates an initial colonization that outperforms external environmental influences in shaping the neonatal gut. This biological continuity ensures the infant's gut is seeded with microbes specifically selected to foster an immune-competent environment, creating a specialized niche that dictates the subsequent metabolic trajectory of the neonate.

This takes us to the next relevant topic that is the importance of a healthy gut microbiome. Establishing a healthy microbiome is a critical milestone in neonatal care, as it orchestrates enteric nervous system maturation and neuronal connectivity. This process of microbial succession begins with a bloom of facultative anaerobes, specifically Streptococcus, before transitioning to obligate anaerobes like Bifidobacterium. Human milk oligosaccharides (HMO), particularly the carbohydrate 2'FL, selectively enhance these beneficial bacteria during the high-impact window of the first month of life. This succession is essential for cognitive trajectory, as these microbes produce the neuro-active metabolites required for engineering a functional nervous system.

Now with a healthy microbiome and an environment rich in human milk derived prebiotics (HMO) we can now talk about



the microbiome-gut-brain axis (MGBA) which facilitates bidirectional communication between the gastrointestinal tract and the central nervous system, integrating neural, metabolic, immune, and endocrine signals. The physical wiring of the MGBA consists of the enteric nervous system (ENS) and the Vagus nerve. The ENS, which is often termed the "second brain," is composed of two primary networks embedded in the gut wall: the myenteric plexus (Auerbach's plexus), which regulates intestinal motility, and the submucosal plexus (Meissner's plexus), which coordinates secretion and blood flow. This local network connects to the central nervous system via the Vagus nerve, which contains 80% afferent (sensory) and 20% efferent (motor).

The microbiome-gut-brain axis operates via distinct structural and chemical signals. Specific HMO classes direct different developmental pathways: Sialylated HMOs (like 6′-SL) act as structural precursors that fuel regional brain myelination in social and cognitive networks, whereas Fucosylated HMOs (like 2′-FL) modulate synaptic connectivity and language development through metabolic signaling to the central nervous system. Simultaneously, the gut-resident Bifidobacteria convert

milk-derived tryptophan into indole-3-lactic acid, which downregulates mucosal inflammation and promotes neuronal differentiation by activating the host aryl hydrocarbon receptor.

Apart from this Human breast milk contains a robust profile of neurotrophic growth factors, including Brain-Derived Neurotrophic Factor (BDNF), Glial Cell Line-Derived Neurotrophic Factor (GDNF), Nerve Growth Factor (NGF), and S100B protein. At birth, the enteric nervous system is functionally immature and requires a continuous supply of exogenous neurotrophic factors to support neuronal survival, migration, and differentiation. Formula-fed infants lack this continuous supply of exogenous neurotrophins. Without maternal BDNF and GDNF, these infants have a compromised capacity to mature their enteric nervous networks, leaving them with uncoordinated intestinal motility and a structurally vulnerable mucosal barrier predisposing to NEC, diarrheal diseases and severe infantile colic.



Breastfeeding is a dynamic biological systemthatdriveslong-term health through the gut-mammary-brain axes. Healthcare staff must integrate these metabolomic insights into daily patient advocacy and institutional policy to improve outcomes for vulnerable populations. By prioritizing lactation support, we move beyond providing simple nutrition to actively engineering the neuro-metabolic foundations of the next generation.



# മുഖം
## ആരോഗ്യത്തിന്റെ കണ്ണാടി

മുഖസൗന്ദര്യം എന്നതുകൊണ്ട് കേവലം മുഖത്തിന്റെ പുറമെ കാണുന്ന ഭംഗി മാത്രമല്ല, മറിച്ച് നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ പ്രതിഫലനം കൂടിയാണ്. കൃത്യമായ ആരോഗ്യസംരക്ഷണം, വ്യായാമം, പോഷകങ്ങളടങ്ങിയ ഭക്ഷണം, രക്തശുദ്ധി, മാനസികാവസ്ഥ എന്നിവയെല്ലാം മുഖസൗന്ദര്യത്തിൽ പങ്കുവഹിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഒരാളുടെ മുഖത്തിന്റെ തിളക്കം, മൃദുത്വം, നിറം, കണ്ണിന്റെ പ്രകാശം ഇവയൊക്കെ അയാളുടെ ആരോഗ്യത്തിന്റെ കൂടി അടയാളങ്ങളാണ്. ആയുർവേദത്തിന്റെ അടിസ്ഥാനഘടകങ്ങളായ വാതം, പിത്തം, കഫം എന്നീ ദോഷങ്ങളാണ് ശാരീരിക പ്രവർത്തനങ്ങളേയും ആരോഗ്യത്തേയും നിയന്ത്രിക്കുന്നത്. വാതദോഷം കൂടുതലാ



യാൽ മുഖചർമ്മം വരണ്ടതും പരുപരുത്തതും ആകുന്നു. ചുളിവുകൾ വേഗത്തിൽ പ്രത്യക്ഷപ്പെടാം. പിത്തദോഷം വർദ്ധിക്കുമ്പോൾ ചുവപ്പ്, കരുവാളിപ്പ് (pigmentatic), മുഖക്കുരു (pimples) എന്നീ പ്രശ്നങ്ങൾ ഉണ്ടാകുന്നു. കഫദോഷം വർദ്ധിച്ചാൽ എണ്ണമയം (oiliness), വീക്കം (puffiness), whibe heads, മുഖത്തിന്റെ തിളക്കം മങ്ങുക എന്നീ ലക്ഷണങ്ങൾ കാണിക്കുന്നു. അതുകൊണ്ട് മുഖസൗന്ദര്യം നിലനിർത്താൻ വാതപിത്ത കഫദോഷങ്ങളുടെ സമത്വം അനിവാര്യമാണ്. ഇതിനായി ആന്തരിക പരിചരണം (Internal therapies), ബാഹ്യപരിചരണം (external theraoies) എന്നിങ്ങനെ രണ്ട് മാർഗ്ഗങ്ങളുണ്ട്.

## ആന്തരിക പരിചരണം

### 1. രക്തശുദ്ധീകരണം

മുഖത്തിന്റെ തിളക്കം രക്തപ്രവാഹവുമായി ബന്ധപ്പെട്ടതാണ്. രക്തശുദ്ധീകരണം (blood purification), രക്തപ്രവാഹം സുഗമമാക്കുക (blood circulation വർദ്ധിപ്പിക്കുക) എന്നീ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുരിങ്ങയില, മാതളനാരങ്ങ, ബീറ്റ്റൂട്ട്, ചീര, മുന്തിരിങ്ങ ഇവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് രക്തശുിദ്ധീകരണത്തിനും വർദ്ധിപ്പിക്കുന്നതിനും നല്ലതാണ്. രാമച്ചം, കറ്റാർവാഴ, ചന്ദനം, മഞ്ഞൾ, നെല്ലിക്ക, കീഴാർനെല്ലി തുടങ്ങിയ herbal drugs ചേർത്തുണ്ടാക്കുന്ന ഔഷധങ്ങൾ രക്തത്തിലെ വിഷാംശങ്ങളെ (toxins) പുറന്തള്ളുന്നതിനും രക്തപ്രവാഹം സുഗമമാക്കുന്നതിനും സഹായിക്കുന്നു.

## 2. പോഷകസമൃദ്ധമായ ആഹാരം

പ്രോട്ടീൻ അടങ്ങിയ പയർവർഗ്ഗങ്ങൾ, ബദാം, വാൾനട്ട്, ചിയ സീഡ്സ് (chia seeds), flax seeds, നെയ്യ്, മുട്ട, omega -3 അടങ്ങിയ മൽസ്യങ്ങൾ, ചിക്കൻ ഇതൊക്കെ ആഹാരത്തിൽ ഉൾപ്പെടുത്തുന്നത് മുഖചർമ്മത്തിന്റെ ദൃഢത (ഉറപ്പ്), തിളക്കം, elasticity, ചുളിവുകൾ ഒഴിവാക്കുക എന്നിവയ്ക്ക് വളരെ നല്ലതാണ്.

## 3. ദഹനശക്തി മെച്ചപ്പെടുത്തുക

ഇതിനായി ഇഞ്ചി, കുരുമുളക്, ചുക്ക്, ജീരകം ഇവ ഭക്ഷണത്തിൽ ചേർക്കാവുന്നതാണ്. Herbal tea കുടിക്കുന്നതും, ഇളം ചൂടു വെള്ളം ധാരാളം കുടിക്കുന്നതും ചർമ്മത്തിന്റെ moisture (നനവ്) നിലനിർത്തി മുഖത്തിന് തിളക്കം നൽകുന്നു. ഉദാഹരണത്തിന് Tulsi & Liquorice (തുളസിയും ഇരട്ടിമധുരവും) ചേർന്ന green tea മുഖത്തിന്റെ natural glow വർദ്ധിപ്പിക്കുന്നു. വറുത്തതും പൊരിച്ചതും ആയ ഭക്ഷണങ്ങൾ, Junk food ഇവ ഒഴിവാക്കുന്നത് Pimples, acne ഇവ ഉണ്ടാകാതിരിക്കാൻ സഹായിക്കുന്നു.

## 4. മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക

മാനസിക സമ്മർദ്ദം (stress), anxiety ഇതൊക്കെ ഹോർമോണുകൾ അസന്തുലിതമാക്കുന്നു. അത് മുഖത്തിന്റെ സ്വാഭാവികമായ ശോഭ കുറയ്ക്കുകയും വേഗത്തിൽ ചുളിവുകൾ, കണ്ണിനടിയിൽ dark circles ഉണ്ടാവുക എന്നീ പല ലക്ഷണങ്ങളും കാണിക്കുന്നു. അതുകൊണ്ട് yoga, meditation, pranayama മുതലായവ പരിശീലിച്ച് മനസ്സ് ശാന്തമാക്കുന്നത് മുഖസൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു. ദിവസത്തിൽ ശരാശരി 6 – 8 മണിക്കൂർ ഉറങ്ങുന്നതും മാനസികാരോഗ്യത്തിന് നല്ലതാണ്.





## ബാഹ്യപരിചരണം

### 1. മുഖലേപനം

ഔഷധങ്ങൾ ഉപയോഗിച്ചുള്ള ഏറ്റവും ലളിതവും ഫലപ്രദവുമായ ചർമ്മപരിചരണ രീതിയാണ് ഇത്. മഞ്ഞൾ, കറ്റാർവാഴ, ആര്യവേപ്പ്, ഇരട്ടിമധുരം, ചന്ദനം തുടങ്ങിയ ഔഷധങ്ങളുടെ മിശ്രിതം മുഖലേപനമായി ഉപയോഗിക്കുന്നത് ചർമ്മം ശുദ്ധമാക്കുന്നതിനും മുഖത്തെ പാടുകൾ കുറയ്ക്കുന്നതിനും സഹായിക്കുന്നു. അവരവരുടെ skin typeന് അനുസരിച്ച ലേപനം തിരഞ്ഞെടുക്കണം.

### 2. അഭ്യംഗം

മുഖത്ത് എണ്ണ ഉപയോഗിച്ച് massage ചെയ്യുന്നതാണ് അഭ്യംഗം. ചർമ്മത്തിന് തിളക്കവും, പുഷ്ടിയും നൽകുകയും blood circulation വർദ്ധിപ്പിക്കുകയും, premature aging തടയുകയും ചെയ്യുന്നു.

### 3. ആയുർവേദ ഫേഷ്യൽ (Ayurveda facial)

Herbal steam, ഔഷധ തൈലങ്ങളുപയോഗിച്ചുള്ള മസ്സാജ്, ലേപനങ്ങൾ, herbal pack ഇവയെല്ലാം ഉൾപ്പെടുത്തി ചെയ്യുന്ന ഫേഷ്യൽ മുഖത്തിന്റെ യൗവ്വനം നിലനിർത്തുന്നതിനും സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനും വളരെ ഉപകാരപ്രദമാണ്.

## Gluathione therapyക്ക് സമാനമായ ആയുർവേദ ചികിത്സ

ഇന്നത്തെ കാലത്ത് ഏറെ പ്രചാരത്തിലിരിക്കുന്ന Glutathione therapy ശരീരത്തിലെ വിഷാംശങ്ങൾ നീക്കി മുഖത്തിനു നിറം വെപ്പിക്കുന്നു (skin brightening). സ്വാഭാവികമായി glutathione ഉണ്ടാ

കുന്നതിനായി Vit. C അടങ്ങിയ നെല്ലിക്ക, ഓറഞ്ച്, സിട്രസ് ഫ്രൂട്ട്സ് ധാരാളം കഴിക്കുന്നത് നല്ലതാണ്. ആയുർവേദത്തിലെ രസായന ചികിൽസയിലൂടെ നെല്ലിക്ക, ചിറ്റമൃത്, അശ്വഗന്ധ, ശതാവരി തുടങ്ങിയ ഔഷധങ്ങളുപയോഗിച്ച് glutathioneനു സമാനമായ ഗുണങ്ങൾ ലഭ്യമാക്കാവുന്നതാണ്.

## Collagen Treatment

Collagen എന്ന പ്രോട്ടീൻ ചർമ്മത്തിന്റെ ഉറപ്പിനും, elasticity, യൗവനം ഇവ നിലനിർത്തുന്നതിനും ചുളിവുകൾ കുറയ്ക്കുന്നതിനും സഹായിക്കുന്ന ഒന്നാണ്. രസായന ചികിൽസ, ആയുർവേദ ഫേഷ്യൽ എന്നിവ collagen treatmentനു സമാനമായ ഗുണങ്ങൾ പ്രദാനം ചെയ്യുന്നു.

## Face Yoga



മുഖത്തിലെ മസിലുകൾക്ക് വ്യായാമം നൽകുന്ന ഒരു സ്വാഭാവിക രീതിയാണ് ഇത്. Muscle tone വർദ്ധിപ്പിക്കുകയും, natural glow ഉണ്ടാകുന്നതിനു സഹായിക്കുകയും ചെയ്യുന്നു. Muscles relaxation വരുത്തുന്നതിലൂടെ stress, anxiety ഇവ കുറയ്ക്കുകയും ചെയ്യുന്നു. ഇതിൽ കണ്ണ്, കവിൾ, കഴുത്ത്, നെറ്റി ഇവയ്ക്കോരോന്നിനും പ്രത്യേക വ്യായാമം ഉണ്ട്.

## സംഗ്രഹം

ആയുർവേദത്തിൽ മുഖസൗന്ദര്യം എന്നത് സമഗ്രമായ ആശയമാണ്. ശരീരത്തിന്റെ ആരോഗ്യവും മനസ്സിന്റെ സമത്വവും ശരിയായ ജീവിതശൈലിയും ചേർന്നാണ് യഥാർത്ഥ സൗന്ദര്യം ഉണ്ടാകുന്നത്.

**ഡോ. സരിത മേനോൻ**
കൺസൾട്ടന്റ്
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ, തൃശൂർ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
| Ms. Steffy Jose | Mr. Joshi Paul



സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു:
സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ.
അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ.
ശിരസ്സിൽ 12 നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. (വെളി. 12. 1)


Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE